മലയാള മനോരമ

# നീര: വിവാദങ്ങളിൽ പങ്കില്ലെന്ന് എസ്‌സിഎംഎസ്

കൊച്ചി ● കോടികൾ മുടക്കി പല പൊതുഗവേഷണ സ്ഥാപനങ്ങൾ നീര വികസിപ്പിക്കാൻ ശ്രമിച്ചെങ്കിലും വ്യാവസായികാടിസ്ഥാനത്തിൽ അതു വികസിപ്പിച്ചെടുത്തതു സ്വകാര്യ മേഖലയിലെ ഗവേഷണ സ്ഥാപനമായ എസ്‌സിഎംഎസ് ആണെന്നും വിവാദങ്ങളിൽ എസ്‌സിഎംഎസിനു പങ്കില്ലെന്നും ചെയർമാൻ ഡോ. ജി.പി.സി. നായർ പ്രസ്താവനയിൽ പറഞ്ഞു. നാളികേര വികസന ബോർഡിന്റെ ആവശ്യപ്രകാരമാണ് നീര വികസിപ്പിച്ചതും പിന്നീട് പ്ലാന്റ് സ്ഥാപിച്ചതും. രണ്ടിനും ബോർഡിന്റെ ഗ്രാന്റ് ലഭിച്ചിരുന്നതായും അദ്ദേഹം വ്യക്തമാക്കി.